(എ) പുതുക്കോടു പാടം കർഷകർക്ക് പമ്പുസെറ്റുകൾ സ്ഥാപിക്കുവാനുള്ള വിദ്യുച്ഛക്തി കണക്ഷൻ നൽകാനുള്ള നടപടി വല്ലതും ഇതിനകം നടന്നിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്തെന്നു വ്യക്തമാക്കുമോ;

(സി) കാലതാമസത്തിനുള്ള കാരണമെന്തെന്ന് പറയുമോ;

(ഡി) ഈ പണിക്ക് പ്രത്യേക പ്രാധാന്യംനൽകി അടിയന്തിരമായി പൂർത്തീകരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ട്. ആയതി ലേക്ക് 0.2 കീ. മി. 11. കെ. വി. ലൈൻ വലിക്കേണ്ടതും ഒരു 25 കെ. വി. ട്രാൻസ്ഫോർമറും സ്ഥാപിക്കേണ്ടതും ആവശ്യ മായിട്ടുണ്ട്.

(സി) വൈദ്യുതി കണക്ഷനു ആവശ്യമുള്ള ചില ഉപകരണങ്ങളുടെ ദൗർലഭ്യം കൊണ്ടും, വില്ലേജ് വൈദ്യുതീകരണത്തിന് മുൻഗണന കൊടുത്തതുകൊണ്ടുമാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

(ഡി) ആയതിലേക്ക് ആവശ്യമുള്ള സാധനങ്ങൾ ലഭിച്ചാൽ ഉടൻ തന്നെ കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷന്റെ പ്രയോറിറ്റി അനുസരിച്ച് വൈദ്യുതി നൽകുന്നതായിരിക്കും.

പുളിമാത്ത് പഞ്ചായത്തിൽ സ്ട്രീറ്റ് ലൈറ്റ്

629 [913] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പുളിമാത്ത് പഞ്ചായത്തിൽ നിന്നും സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചു കിട്ടുന്നതിനു വേണ്ടി തുടർച്ചയായി അപേക്ഷിച്ചിട്ടും സ്ട്രീറ്റ് ലൈറ്റ് അനുവദിച്ചു കൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പുളിമാത്ത് പഞ്ചായത്തിലേയ്ക്ക് 35 ഓർഡിനറി ലൈറ്റും 5 ട്യൂബ് ലൈറ്റും പുതിയതായി ലൈൻ വലിച്ച് ഫിറ്റു ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ഈ ജോലി 1979 മാർച്ചിൽ ചെയ്തു തീർക്കാമെന്ന് പ്രതീക്ഷിക്കുന്നു.

സർക്കാർ സർവ്വീസിലുള്ള പാർട്ട് ടൈം ജീവനക്കാരെ ഫുൾടൈം ജീവനക്കാരായി അംഗീകരിക്കണമെന്നുള്ള ആവശ്യം

630 [914] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നു സർക്കാർ സർവ്വീസിലുള്ള പാർട്ട് ടൈം ജീവനക്കാരെ എല്ലാം ഫുൾടൈം ജീവനക്കാരായി അംഗീകരിക്കണമെന്നുള്ള ആവശ്യം സർവ്വീസ് സംഘടനകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തി യിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തെല്ലാം അനുകൂല നടപടികളും സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പത്തും ഇരുപതും വർഷം സർവ്വീസിലുള്ള പാർട്ട് ടൈം ജീവനക്കാർ ജോലിയിൽ നിന്നും പിരിഞ്ഞാൽ അവർക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ലെന്നു മാത്രമല്ല പെൻഷനു പോലും ഇവർ അർഹരല്ലാതാകുന്ന സ്ഥിതി വിശേഷം ഉണ്ടാകാതിരിക്കാൻ ഇപ്രകാരമുള്ള പാർട്ട് ടൈം ജീവനക്കാരെ സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം ജീവനക്കാരായി പരിഗണിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാർട്ട്ടൈം ആയി മാത്രം ജോലി ചെയ്യുന്ന ജീവനക്കാരെ ഫുൾടൈം ജീവനക്കാരായി അംഗീകരിക്കാൻ നിവൃത്തിയില്ല. എങ്കിലും പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരെ ഫുൾടൈം തസ്തികയിലേക്ക് സീനിയോറിറ്റി മുറയ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നതിനു ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ ഏതാനും തസ്തികകളും നീക്കി വച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ചട്ടങ്ങളും പ്രകാരം പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാർക്കു മരണംവരേയോ ജോലിചെയ്യാൻ ശേഷിയില്ലാതെ ആവുന്നതുവരേയോ സർവ്വീസിൽ തുടരാവുന്നതാണ്. ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ നീക്കി വെച്ചിട്ടുള്ള തസ്തികകളിലേക്ക് സീനിയോറിറ്റി മുറയ്ക്ക് പ്രമോഷൻ ലഭിക്കുന്ന പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാർക്ക് പെൻഷൻ ആകുന്നതിനു മുമ്പ് 10 കൊല്ലത്തിൽ കുറയാതെ ഫുൾടൈം സർവ്വീസ് ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കുന്നതാണ്. എന്നാൽ പ്രമോഷൻ ലഭിക്കുന്നതിനു മുമ്പ് 55 വയസ്സാകാൻ 10 കൊല്ലത്തിൽ കുറവു മാത്രം സർവ്വീസ് ശേഷിക്കുന്നവർക്ക് പ്രൊമോഷൻ സ്വീകരിക്കാതെ പാർട്ട്ടൈം ആയി തന്നെ തുടരുന്നതിനോ അല്ലെങ്കിൽ പ്രൊമോഷൻ സ്വീകരിച്ച് 55-ാം വയസ്സിൽ അടുത്തുൺ പറ്റി പിരിയുകയോ ചെയ്യാവുന്നതാണ്. പാർട്ട്ടൈം സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം ജീവനക്കാരായി പരിഗണിക്കുവാൻ നിവൃത്തിയില്ല.

കെ. എസ്. ഇ. ബി. യിൽ പ്രയോറിറ്റി നിശ്ചയിച്ച സ്കീമുകൾ

631 [916] ഡോ. ജോർജ്മാത്യു:

ശ്രീ. വി. ജെ. ജോസഫ്:

ശ്രീ. ലോനപ്പൻ നമ്പാടൻ:

ശ്രീ. കെ. വി. കുര്യൻ:

ശ്രീ. വി. റ്റി. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ പ്രയോറിട്ടി നിശ്ചയിച്ച എത്ര സ്കീമുകൾ പൂർത്തിയാക്കുവാനുണ്ട്;

(ബി) ഇവ പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly